**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4078** **21.10.2016 ൽ മറുപടിയ്ക്ക്**

**സ്വകാര്യബസുകളുടെ ഓവർലാപിങ് പരിധി**

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഉൾനാടൻപ്രദേശങ്ങളിൽ നിന്ന് ദേശസാൽകൃത റൂട്ടിൽ പ്രവേശിക്കുന്ന പ്രൈവറ്റ് ബസുകളുടെ ഓവർലാപിങ് പരിധി നിലവിൽ എത്രയാണ്; | (എ)<br>&<br>(ബി) | കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന റൂട്ട് ദേശസാൽക്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് സ്വകാര്യ ബസ്സുകൾക്ക് ഓവർലാപ്പിംഗ് ദൂരപരിധി നിശ്ചയിച്ചിരിക്കുന്നത്.<br>ഉദാഹരണമായി, 14.07.2009-ലെ സ.ഉ. (പി) നം: 42/2009/ഗതാ നമ്പർ ഉത്തരവ്വ പ്രകാരം സംസ്ഥാനത്തെ 31 റൂട്ടുകൾ ദേശസാല്ക്കരിക്കുകയുണ്ടായി. ടി ഉത്തരവിൽ 5 കിലോമീറ്റർ ദൂരമോ, റൂട്ട് ദൈർഘ്യത്തിന്റെ 5% വരെയോ ഏതാണോ കുറവ് അത്രയും ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.<br>പൊന്നാനി - ചേളാരി റൂട്ട് ദേശസാല്ക്കരണം സംബന്ധിച്ച 08.12.2015-ലെ സ.ഉ. (പി) നം: 79/2015/ഗതാ നമ്പർ ഉത്തരവ്വ പ്രകാരം 4 ഭാഗങ്ങളിലായി പരമാവധി 10 കിലോമീറ്റർ വരെയും, കാസർഗോഡ് - തലപ്പാടി റൂട്ട് ദേശസാല്ക്കരണം സംബന്ധിച്ച സ.ഉ. (പി) 1/2016/ഗതാ നമ്പർ ഉത്തരവ്വ പ്രകാരം രണ്ടു ഭാഗങ്ങളിലായി പരമാവധി 6 കിലോമീറ്റർ വരെയും ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് നിലവിലുള്ള നിബന്ധന ഏത് ഉത്തരവ് പ്രകാരമാണ്; | | |

..തുടർച്ച..

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി. സർവീസിനു വിദൂരസാധ്യതപോലുമില്ലാത്ത റൂട്ടുകളിൽ സർവീസ് നടത്തുന്ന പ്രൈവറ്റ് ബസുകളുടെ പെർമിറ്റ് അനുവദിക്കുമ്പോൾ നിലവിലുള്ള ഓവർലാപിങ് പരിധി തടസമാകാറുണ്ടോ; | (സി) | ഇല്ല. കെ.എസ്.ആർ.ടി.സി.-ക്കു മാത്രം സർവീസ് നടത്തുന്നതിന് അനുമതിയുള്ള ദേശസാൽകൃത റൂട്ടുകളിൽ, ഓവർലാപ്പിംഗ് പരിധി അനുവദിച്ചിട്ടുള്ളത് സ്വകാര്യ ബസ്സുകൾക്ക് ടി റൂട്ടുകളിലൂടെ പെർമിറ്റുകൾ കരസ്ഥമാക്കുന്നതിന് വേണ്ടിയാണ്. അല്ലാത്തപക്ഷം നിലവിലുള്ള സ്വകാര്യ ബസ് സർവീസുകൾക്കു പോലും ദേശസാൽകൃത റൂട്ടുകളിലൂടെ പെർമിറ്റ് ലഭിക്കാൻ സാധ്യത ഇല്ലാതെ ടി സർവീസുകൾ നിർത്തി വയ്ക്കേണ്ട അവസ്ഥ സംജാതമാകുമായിരുന്നു. |
| (ഡി) | പൊതുജന ഉപകാരാർത്ഥം നിലവിലുള്ള ഓവർലാപിങ് പരിധി കാലാനുസൃതമായി വർധിപ്പിക്കുമോ; | (ഡി) | ദേശസാൽകൃത റൂട്ടുകളിലെ ഓവർലാപ്പിംഗ് ദൂരപരിധി വർദ്ധിപ്പിക്കേണ്ട ആവശ്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ഇല്ലെങ്കിൽ പ്രസ്തുത റൂട്ടുകളിൽ കെ. എസ്. ആർ .ടി .സി .സർവീസ് ഏർപ്പെടുത്തുമോ എന്നറിയിക്കാമോ? | (ഇ) | ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തിവരികയാണ്. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യത അനുസരിച്ച് കൂടുതൽ സർവീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ